L5M9L2

# യൂണിറ്റ് - 4
# സംഗീതോപകരണങ്ങൾ

## പഠനനേട്ടങ്ങൾ

- സംഗീതോപകരണങ്ങളെ വർഗ്ഗീകരിക്കുന്നു.
- തന്ത്രിവാദ്യങ്ങൾ, സുഷിരവാദ്യങ്ങൾ എന്നിവ വേർതിരിച്ചറിയുന്നു.
- തന്ത്രിവാദ്യങ്ങളെ മീട്ടിവായിക്കുന്നവ, വില്ല് വച്ച് വായിക്കുന്നവ, തട്ടിവായിക്കുന്നവ എന്നിങ്ങനെ തരംതിരിക്കുന്നു.
- സുഷിരവാദ്യങ്ങളെ വർഗീകരിക്കുന്നു.
- ചർമവാദ്യങ്ങളേയും ഘനവാദ്യങ്ങളേയും തിരിച്ചറിയുന്നു.
- ശ്രുതിവാദ്യങ്ങളെ തിരിച്ചറിയുന്നു.
- ഏകധ്വനി വാദ്യങ്ങൾ, ബഹുധ്വനി വാദ്യങ്ങൾ എന്നിവയെ വേർതിരിച്ചറിയുന്നു.

### പ്രധാനാശയങ്ങൾ

- സംഗീതോപകരണങ്ങളുടെ വർഗീകരണം
- തന്ത്രിവാദ്യങ്ങൾ
- മീട്ട് വാദ്യങ്ങൾ
- വില്ല് വാദ്യങ്ങൾ
- തത വാദ്യങ്ങൾ
- സുഷിര വാദ്യങ്ങൾ
- താളവാദ്യങ്ങൾ
- ചർമ്മ വാദ്യങ്ങൾ
- ഘന വാദ്യങ്ങൾ
- ശ്രുതി വാദ്യങ്ങൾ
- നാടോടി വാദ്യങ്ങൾ
- തംബുരു

## 4.1 ആമുഖം

സംഗീതം, നൃത്തം തുടങ്ങിയ കലാരൂപങ്ങളെല്ലാം തന്നെ പൂർണ്ണമാവുന്നത് പശ്ചാത്തല സംഗീതോപകരണങ്ങൾ അവയോട് ചേരുമ്പോഴാണ്. സംഗീതത്തിന് അനുപേക്ഷണീയമായ സംഗതിയാണ് വാദ്യങ്ങൾ. സംഗീതോപകരണങ്ങൾ ആവിർഭവിച്ചത് വേദകാലഘട്ടത്തിലാണ് എന്നാണ് കരുതപ്പെടുന്നത്. വാദ്യങ്ങളുടെ എണ്ണത്തിലും വൈവിധ്യത്തിലും ഇന്ത്യയെ വെല്ലാൻ വേറൊരു ദേശമില്ല. വിവിധ നാദവിശേഷങ്ങൾ പ്രകടിപ്പിക്കാവുന്ന വ്യത്യസ്ത സംഗീതരൂപങ്ങൾക്ക് പശ്ചാത്തലമൊരുക്കുന്ന, ആകൃതിയിലും സ്വരവ്യാപ്തിയിലും വിഭിന്നങ്ങളായ, വിവിധ പേരുകളിലുള്ള അഞ്ഞൂറിൽപ്പരം വാദ്യങ്ങൾ ഭാരതത്തിലുണ്ട് എന്നാണ് കരുതപ്പെടുന്നത്.

ശാസ്ത്രീയ സംഗീതം, നാടോടി സംഗീതം, ഗോത്രസംഗീതം തുടങ്ങിയ സംഗീതശാഖകളിൽ ഉപയോഗിക്കപ്പെടുന്നവയാണിവ. പ്രസിദ്ധ വാഗ്ഗേയകാരന്മാരായ ത്യാഗരാജൻ, മുത്തുസ്വാമി ദീക്ഷിതർ, ശ്യാമശാസ്ത്രി തുടങ്ങിയവർ ഉപകരണസംഗീതത്തിലും പ്രതിഭ തെളിയിച്ചവരായിരുന്നു.

സംഗീതോപകരണങ്ങൾ അവയുടെ നിർമാണം, ഉപയോഗം, പ്രയോഗരീതി എന്നിവ മുൻനിർത്തി വർഗീകരിക്കപ്പെട്ടിട്ടുണ്ട്. തതം, അവനദ്ധം, ഘനം, സുഷിരം എന്നിങ്ങനെ ഭരതൻ തന്റെ നാട്യശാസ്ത്രത്തിൽ വാദ്യോപകരണങ്ങളെ നാലായി തരംതിരിച്ചിട്ടുണ്ട്. ആധുനിക സംഗീതത്തിൽ വാദ്യോപകരണങ്ങളെ മൂന്നായി വർഗീകരിച്ചിരിക്കുന്നു.

1. തന്ത്രിവാദ്യങ്ങൾ - വാദ്യങ്ങളിലെ തന്ത്രികളുടെ കമ്പനമനുസരിച്ച് നാദമുണ്ടാകുന്നവ.
2. സുഷിരവാദ്യങ്ങൾ - വാദ്യങ്ങളുടെ ഉള്ളറകളിലെ വായു കമ്പനം ചെയ്ത് നാദമുണ്ടാകുന്നവ.
3. താളവാദ്യങ്ങൾ - വാദ്യങ്ങളിൽ വലിച്ചുമുറുക്കി കെട്ടിയ ചർമ്മത്തിലോ ലോഹത്തിലോ തട്ടി ശബ്ദമുണ്ടാകുന്നവ.

## 4.2 തന്ത്രി വാദ്യങ്ങൾ

തതവാദ്യങ്ങൾ അല്ലെങ്കിൽ കമ്പി വാദ്യങ്ങൾ എന്നീ പേരുകളിലും ഇവ അറിയപ്പെടുന്നു. മുറുക്കി കെട്ടിയ കമ്പികളിലോ അല്ലെങ്കിൽ വള്ളികളോ തട്ടിയോ ഉരസുകയോ ചെയ്താണ് ഈ വാദ്യങ്ങൾ പ്രയോഗിക്കപ്പെടുന്നത്. ഇവ മൂന്ന് വിധത്തിലുണ്ട്.



a. **മീട്ടി വായിക്കുന്നവ:** ഇത്തരം വാദ്യങ്ങളിൽ തന്ത്രികൾ വിരലുകൾ കൊണ്ടോ, നഖം കൊണ്ടോ മറ്റ് വസ്തുക്കൾ കൊണ്ടോ മീട്ടി വായിക്കുന്നു.

ഉദാ: - വീണ, ഗോട്ടുവാദ്യം, തംബുരു



b. **വില്ലുപയോഗിച്ച വായിക്കുന്നവ:** വില്ല് (bow) ഉപയോഗിച്ച് ഉരച്ചു വായിക്കുന്നവയാണീ വാദ്യങ്ങൾ.

ഉദാ:- വയലിൻ. സാംരംഗി, ദിൽറൂബ



c. **അടിച്ചു വായിക്കുന്നവ:** തന്ത്രികളെ ലോഹക്കഷണം കൊണ്ടോ മരക്കഷണം കൊണ്ടോ അടിച്ചോ തട്ടിയോ വായിക്കുന്നവ.

ഉദാ:- പിയാനോ, സന്തൂർ

തന്ത്രിവാദ്യങ്ങളിൽ തംബുരു, ഏക്താര മുതലായ വാദ്യങ്ങളുടെ തന്ത്രികൾ ഏതു സ്വരത്തിലാണോ ശ്രുതി ചേർക്കപ്പെട്ടിരിക്കുന്നത്, ആ സ്വരം മാത്രം വായിക്കാൻ കഴിയുന്നവയാണ്. എന്നാൽ വീണ, വയലിൻ തുടങ്ങിയ വാദ്യങ്ങൾ വ്യത്യസ്ത സ്വരങ്ങൾ വായിക്കാൻ കഴിയുന്നവയാണ്.

ഏകധ്വനി പുറപ്പെടുവിക്കുന്ന കമ്പികളും (താളക്കമ്പികൾ) സ്വരങ്ങൾ പ്രയോഗിക്കാൻ കഴിയുന്ന കമ്പികളും ചേർന്ന വാദ്യമാണ് വീണ. കീബോർഡ് ഉപയോഗിക്കുന്ന ഒരു തന്ത്രിവാദ്യമാണ് പിയാനോ.

**ഓർമ്മിക്കുക**

- *ഭരതമുനിയുടെ വാദ്യോപകരണങ്ങൾ വർഗീകരണം*
- *ആധുനിക സംഗീതത്തിലെ വാദ്യങ്ങളുടെ വർഗ്ഗീകരണം*

**പ്രവർത്തനം**

- *തന്ത്രിവാദ്യങ്ങളുടെ ചിത്രങ്ങളടങ്ങിയ ഒരു ആൽബം തയാറാക്കുക*

## 4.3 സുഷിര വാദ്യങ്ങൾ

കാറ്റ് വാദ്യങ്ങൾ എന്ന പേരിലും ഇവ അറിയപ്പെടുന്നു. വായുമുഖേന നാദമുണ്ടാകുന്ന വാദ്യങ്ങളാണീ ഉപകരണങ്ങൾ. സുഷിരവാദ്യങ്ങൾ രണ്ടായി തരംതിരിച്ചിരിക്കുന്നു.



a. h nb pk © rl Á : **അഥവാ ബെല്ലോസ് മുഖേന നാദമുണ്ടാകുന്നവ:** ഇവയെ യന്ത്രവാദ്യങ്ങൾ എന്നു വിളിക്കാറുണ്ട്. ഉദാ:- ഹാർമോണിയം



b. **ഊതി വായിക്കുന്നവ:** ഇത്തരം വാദ്യങ്ങളിൽ ഊതുമ്പോൾ വായു അകത്ത് പ്രവേശിച്ച് നാദമുണ്ടാകുന്നു. പുല്ലാങ്കുഴൽ, നാഗസ്വരം, ശഹനായി മുതലായവ ഇത്തരം വാദ്യങ്ങൾക്ക് ഉദാഹരണങ്ങളാണ്. ഇവയെ മുഖവാദ്യങ്ങൾ എന്ന് വിശേഷിപ്പിക്കാറുണ്ട്. വായ്കൊണ്ട് ഊതുന്നവ, വായ്കൊണ്ടും നാസികകൊണ്ടും ഊതുന്നവ എന്നിങ്ങനെ ഇവ രണ്ടു തരത്തിലുണ്ട്. യഥാക്രമം, പുല്ലാങ്കുഴൽ, മഗുഡി എന്നിവ ഇവയ്ക്ക് ഉദാഹരണങ്ങളാണ്.

**ഓർമ്മിക്കുക**


- *രണ്ട് തരം സുഷിരവാദ്യങ്ങൾക്ക് ഉദാഹരണങ്ങൾ*

**പ്രവർത്തനം**

- *സുഷിരവാദ്യങ്ങളുടെ ചിത്രങ്ങളടങ്ങിയ ഒരു ആൽബം തയാറാക്കുക*

## 4.4 താള വാദ്യങ്ങൾ

താളവാദ്യങ്ങളിൽ പടഹ (drum) വിഭാഗത്തിൽപ്പെടുന്നവ അവനദ്ധ വാദ്യങ്ങൾ അഥവാ ചർമ്മ വാദ്യങ്ങൾ എന്നും ഇലത്താളം, കൈമണി മുതലായവ ലോഹ വാദ്യങ്ങൾ അഥവാ ഘനവാദ്യങ്ങൾ എന്നും അറിയപ്പെടുന്നു. അവനദ്ധം എന്നാൽ മൂടപ്പെട്ടത് എന്നാണർത്ഥം. ഒരു മുഖമോ ഒന്നിൽ കൂടുതൽ മുഖങ്ങളോ ആവരണം ചെയ്യപ്പെട്ട താളവാദ്യങ്ങളാണ് അവനദ്ധ വാദ്യങ്ങൾ. മൃദംഗം, തബല, മദ്ദളം മുതലായവ അവനദ്ധ വാദ്യങ്ങൾക്ക് ഉദാഹരണങ്ങളാണ്.



അവനദ്ധ വാദ്യങ്ങൾക്ക് താഴെ നൽകിയിരിക്കുന്ന വക ഭേദങ്ങളുണ്ട്.

1. കൈകൊണ്ട് വായിക്കുന്നവ. ഉദാ: - മൃദംഗം, തബല
2. കോൽ മുതലായ അചേതന വസ്തുക്കൾ കൊണ്ട് വായിക്കുന്നവ. ഉദാ: - ചെണ്ട
3. ഒരു വശം കൈകൾകൊണ്ടും മറുവശം കോലുകൊണ്ടും വായിക്കുന്നവ. ഉദാ:- തവിൽ



അവനദ്ധവാദ്യങ്ങൾ വീണ്ടും വർഗീകരിക്കപ്പെട്ടിരിക്കുന്നു.

1. ഏകമുഖവാദ്യം - ഉദാ: ഗഞ്ചിറ
2. ദ്വിമുഖവാദ്യം - ഉദാ: തബല, മൃദംഗം
3. ത്രിമുഖവാദ്യം - ഉദാ: പുഷ്കര
4. പഞ്ചമുഖവാദ്യം - ഉദാ: പഞ്ചമുഖവാദ്യം

നിശ്ചിത ശ്രുതിയിൽ നിർമ്മിക്കപ്പെടുന്നവയാണ് ഘനവാദ്യങ്ങൾ. ഇവയുടെ ശ്രുതി നിശ്ചിതമാകയാൽ ഇവയെ ശ്രുതി ചേർക്കുവാൻ സാധ്യമല്ല. നിരവധി ഇലത്താളങ്ങളും കൈമണികളും ഈ വിഭാഗത്തിലുണ്ട്. താളം പിടിക്കുന്നതിനാണ് ഈ വാദ്യങ്ങൾ പ്രധാനമായും ഉപയോഗിക്കുന്നത്. ക്ഷേത്രാരാധനയുമായി ബന്ധപ്പെട്ട വാദ്യങ്ങളാണ് ഇവയിൽ അധികവും.

ഉദാ: - ജാൽറ, ഇലത്താളം, ചേങ്ങില, ബ്രഹ്മതാളം മുതലായവ.

താളവാദ്യങ്ങളെ വീണ്ടും തരം തിരിക്കാവുന്നതാണ്.

1. **പ്രധാന താളവാദ്യങ്ങൾ:** കച്ചേരികളിൽ അവിഭാജ്യഘടകങ്ങളായ താളവാദ്യങ്ങൾ.

   ഉദാ: മൃദംഗം, തബല

2. **ഉപതാളവാദ്യങ്ങൾ :** പ്രധാന താളവാദ്യങ്ങളെ പിന്താങ്ങുന്ന വാദ്യങ്ങൾ

   ഉദാ: ഘടം, ഗഞ്ചിറ, മുഖർശംഖ്





**ഓർമ്മിക്കുക**

- *താളവാദ്യ വർഗീകരണം*

**പ്രവർത്തനം**

- *ചർമവാദ്യങ്ങൾ, ഘനവാദ്യങ്ങൾ എന്നിവയെ ചിത്രീകരിക്കുന്ന ഒരു ആൽബം തയാറാക്കുക.*

താളവാദ്യങ്ങളെ വീണ്ടും തരംതിരിക്കാവുന്നതാണ്.

1. ശ്രുതി ചേർക്കാവുന്നവ – ആവശ്യാനുസരണം ശ്രുതി ചേർക്കാവുന്ന വാദ്യങ്ങൾ ഉദാ: മൃദംഗം, തബല.
2. ശ്രുതിചേർക്കാനാവാത്ത വാദ്യങ്ങൾ: നിർമാണ സമയത്ത് തന്നെ ശ്രുതി ക്ലിപ്തപ്പെടുത്തിയിട്ടുള്ള വാദ്യങ്ങൾ. ഉദാ: – ഘടം. വേർപെടുത്താനാവുന്ന ഭാഗങ്ങളില്ലാത്ത, ഒരൊറ്റ അസംസ്കൃത വസ്തു മാത്രം ഉപയോഗിച്ച് നിർമിക്കപ്പെടുന്ന ഒരു വാദ്യമാണ് ഘടം.

**ഓർമ്മിക്കുക**

- *ശ്രുതി ചേർക്കാവുന്നതും അല്ലാത്തതുമായ വാദ്യങ്ങൾ*

**പ്രവർത്തനം**

- *ശ്രുതി ചേർക്കാവുന്നതും അല്ലാത്തതുമായ വാദ്യങ്ങളുടെ ഒരു ആൽബം തയാറാക്കുക*

സംഗീത കച്ചേരികളിലെ ഉപയോഗമനുസരിച്ച് വാദ്യോപകരണങ്ങളെ താഴെ പറയുന്ന രീതിയിൽ വർഗീകരിക്കാവുന്നതാണ്.



1. **ശ്രുതിവാദ്യങ്ങൾ:** ശ്രുതിയ്ക്കുവേണ്ടി മാത്രം ഉപയോഗിക്കുന്ന വാദ്യങ്ങൾ.

   ഉദാ: തംബുരു, ഏക്താർ, ശ്രുതിപ്പെട്ടി



2. **താളവാദ്യങ്ങൾ:** താളാകമ്പടി നല്കുന്നതിന് വേണ്ടി ഉപയോഗിക്കുന്ന വാദ്യങ്ങൾ

   ഉദാ: മൃദംഗം, തബല, ഘടം, ഗഞ്ചിറ, തവിൽ, ദോലക്
3. **സംഗീത വാദ്യങ്ങൾ:** രാഗാലാപനയും സംഗീതരൂപങ്ങളും ഒരേ പോലെ വായിക്കാൻ കഴിയുന്ന വാദ്യങ്ങൾ.

   ഉദാ: വീണ, വയലിൻ, പുല്ലാങ്കുഴൽ, നാഗസ്വരം

മേൽസൂചിപ്പിച്ച കച്ചേരി വാദ്യങ്ങളെല്ലാം തന്നെ തന്ത്രി – സുഷിര – താളവാദ്യങ്ങളിൽ ഉൾപ്പെടുന്നവയാണ്.

**ഓർമ്മിക്കുക**

- *ശ്രുതി ചേർക്കാവുന്നതും അല്ലാത്തതുമായ വാദ്യങ്ങൾ*

**പ്രവർത്തനം**

- *ശ്രുതി ചേർക്കാവുന്നതും അല്ലാത്തതുമായ വാദ്യങ്ങളുടെ ഒരു ആൽബം തയാറാക്കുക*

നാടോടിഗാനങ്ങളിലും നൃത്തങ്ങളിലും പശ്ചാത്തലമായി ഉപയോഗിക്കുന്ന വാദ്യങ്ങളിലധികവും താളവാദ്യങ്ങളും സുഷിരവാദ്യങ്ങളുമാണ്. താരതമ്യേന, അപരിഷ്കൃത വിഭാഗത്തിൽപ്പെടുന്നവയാണ് ഈ വാദ്യങ്ങൾ. തന്ത്രിവാദ്യങ്ങളായ നന്തുണി, ഫിഡിൽ, വീണക്കുഞ്ഞ് തുടങ്ങിയ വാദ്യങ്ങൾ ദക്ഷിണ കേരളത്തിൽ ഉപയോഗിച്ചു കാണുന്നു. ഗമകങ്ങൾ വായിക്കുന്നതിനുള്ള പരിമിതി മൂലം കീബോർഡ് ഉള്ള വാദ്യങ്ങൾക്ക് ഭാരതീയസംഗീതത്തിൽ വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. ഫ്ളൂട്ട്, നാഗസ്വരം, ശെഹനായി തുടങ്ങിയ സുഷിരവാദ്യങ്ങൾ ഇത്തരം 'കീ' ഉപയോഗിക്കാത്ത വാദ്യങ്ങളാണ്. പാശ്ചാത്യ സംഗീതോപകരണങ്ങളായ വയലിൻ, ക്ലാർനെറ്റ്, മാൻഡലിൻ തുടങ്ങിയവ ഭാരതീയ സംഗീതത്തിലേക്ക് എത്തിപ്പെടുകയും ഇവിടെ അവയ്ക്ക് സ്വീകാര്യത ലഭിക്കുകയും ചെയ്തിട്ടുണ്ട്.

പ്ലാവ്, ഈട്ടി, ആനക്കൊമ്പ്, രക്തചന്ദനം, അകിൽ വൃക്ഷം, ഖദീര, ഹിമാലയൻ ദേവദാരു, വേപ്പ്, ഓക്ക്മരം, വൈൻ, കരിവീട്ടി, ചുരയ്ക്ക, മുള, ചൂരൽ, മൃഗങ്ങളുടെ തോൽ, ചെമ്പ്, ഇരുമ്പ് മുതലായവ വസ്തുക്കളാണ് ഇന്ത്യൻ സംഗീതോപകരണങ്ങളും അവയുടെ ഭാഗങ്ങളും നിർമ്മിക്കുന്നതിന് സാധാരണ ഉപയോഗിക്കുന്നത്.

## 4.5 തംബുരു

ശ്രുതി വാദ്യങ്ങളിൽ ഏറ്റവും വിശേഷമായ ഒരു തന്ത്രിവാദ്യമാണ് തംബുരു. ഭംഗിയാർന്ന ഈ വാദ്യം നിർമിച്ചിരിക്കുന്നത് മരം കൊണ്ടാണ്. തുംബുരു മഹർഷി ഉപയോഗിച്ചിരുന്ന വാദ്യമായതുകൊണ്ടാണ് തംബുരുവെന്ന പേർ വന്നതെന്നും അതല്ല, തുമ്പ എന്ന് വിളിക്കപ്പെടുന്ന ഉള്ളു പൊള്ളയായ ഭാഗം ചുരയ്ക്കകൊണ്ട് നിർമിച്ചതിനാലാണ് ഈ വാദ്യത്തിന് തംബുരുവെന്ന് പേർ വന്നുചേർന്നതെന്നും രണ്ടഭിപ്രായമുണ്ട്.

**തംബുരുവിന് താഴെപ്പറയുന്ന ഭാഗങ്ങളാണുള്ളത്.**


1. **കുടം** – (Bowl) പ്ലാവിന്റെ തടിയിലാണ് സാധാരണ ഇത് നിർമിക്കുന്നത്. അകം പൊള്ളയായ അർധഗോളാകൃതിയിലുള്ള ഇതിന്റെ മുകൾഭാഗത്ത് ചെറിയ ദ്വാരങ്ങൾ ഉണ്ടായിരിക്കും. ശബ്ദവീചികളെ അനുരണനം ചെയ്ത് നാദത്തെ സൃഷ്ടിക്കുക എന്നതാണ് കുടത്തിന്റെ പ്രധാന ധർമ്മം.
2. **ബ്രിഡ്ജ്** – കുടത്തിന്റെ മധ്യഭാഗത്തായി മരം കൊണ്ട് നിർമിച്ച ബ്രിഡ്ജ് ഉറപ്പിച്ചിരിക്കുന്നു. അർധവൃത്താകൃതിയിലുള്ള ഇതിലൂടെയാണ് തന്ത്രികൾ കടന്നു പോകുന്നത്.
3. **ദണ്ഡി –** കുടത്തോട് ബന്ധിച്ചിരിക്കുന്ന, നീളമുള്ള ഭാഗമാണ് ദണ്ഡി. ഉള്ളു പൊള്ളയായ ഇത് മരം കൊണ്ടാണ് നിർമിച്ചിരിക്കുന്നത്.
4. **ബരഡകൾ** (Tuning page)

   തന്ത്രികൾ വലിച്ചുകെട്ടിയിരിക്കുന്ന നാല് ബരഡകൾ ആണ് തംബുരുവിനുള്ളത്. ദണ്ഡിയുടെ അറ്റത്ത് കഴുത്തിനോട് ചേർന്ന് രണ്ട് ബരഡകളും ഇരു

വശങ്ങളിലായി രണ്ട് ബരഡകളും ഉറപ്പിച്ചിരിക്കുന്നു. ബരഡകൾ ആവശ്യാനുസരണം വലത്തോട്ടോ ഇടത്തോട്ടോ തിരിച്ചാണ് കമ്പികൾ ശ്രുതിചേർക്കുന്നത്.

5. **കമ്പികൾ**

4 തന്ത്രികളാണ് തംബുരുവിനുള്ളത്. ആദ്യത്തെ കമ്പി പഞ്ചമമെന്നും രണ്ടാമത്തേത് സാരണിയെന്നും മൂന്നാമത്തേത് അനുസാരണിയെന്നും നാലാമത്തേത് മന്ദ്രമെന്നും അറിയപ്പെടുന്നു. ഇവ യഥാക്രമം മധ്യസ്ഥായി പഞ്ചമം, താരഷഡ്ജം, താരഷഡ്ജം, മധ്യസ്ഥായി ഷഡ്ജം എന്നിങ്ങനെ ശ്രുതി ചേർക്കുന്നു. കുടം ആരംഭിക്കുന്ന ഭാഗത്ത് ഉറപ്പിച്ചിട്ടുള്ള 'നാഗപാശം' എന്നറിയപ്പെടുന്ന ഭാഗത്താണ് തന്ത്രികൾ വലിച്ചു മുറുക്കിക്കെട്ടിയിട്ടുള്ളത്. കമ്പികളുടെ മറ്റേ അറ്റം കുടത്തിനു മുകളിലുള്ള ബ്രിഡ്ജിലൂടെ കടന്ന് ദണ്ഡിയുടെ അറ്റത്തുള്ള ബരഡകളിൽ ബന്ധിച്ചിരിക്കുന്നു. കമ്പികളിൽ കോർത്തിട്ടുള്ള ചെറിയ മണിക്കായകൾ ഉപയോഗിച്ച് ചെറിയ ശ്രുതിവ്യത്യാസം വരുത്താവുന്നതാണ്.



തംബുരു

**6. ജീവാളി**

ബ്രിഡ്ജിന്റെ മുകളിലായി മുറുകി നിൽക്കുന്ന കമ്പികൾക്കും കുടത്തിനും ഇട യിലായി പട്ടിന്റേയോ പരുത്തിയുടേയോ നൂൽതുണ്ടുകൾ വയ്ക്കാറുണ്ട്. ഇവ ജീവാളി എന്ന് പേരിലറിയപ്പെടുന്നു. തംബുരുവിന്റെ നാദത്തിന് ദൈർഘ്യം ലഭിക്കുന്നതിനുവേണ്ടിയാണ് ജീവാളി ഉപയോഗിക്കുന്നത്.

തഞ്ചാവൂർ, മൈസൂർ, ലക്നൗ, ചെന്നൈ തുടങ്ങിയ പ്രദേശങ്ങൾ തംബുരു നിർമാ ണത്തിന് പേര് കേട്ട സ്ഥലങ്ങളാണ്. സാധാരണ തംബുരു കൂടാതെ ഇലക്ട്രോ ണിക് തംബുരുവും ഇപ്പോൾ വ്യാപകമായി ഉപയോഗിച്ചു വരുന്നു.

**ഓർമ്മിക്കുക**

- *തംബുരുവിന്റെ ഭാഗങ്ങൾ*

**പ്രവർത്തനം**

- *കർണാടക സംഗീതത്തിലെ പ്രാഥമിക പാഠങ്ങൾ ഒരു തംബു രുവിന്റെ സഹായത്തോടെ പാടി പരിശീലിക്കുക. .*

**മൂല്യനിർണയം**

1. സംഗീതോപകരണങ്ങൾ പൊതുവെ 3 ആയി വർഗീകരിക്കപ്പെട്ടിരിക്കുന്നു. അവയുടെ പേരെഴുതുക. 1
2. സംഗീതോപകരണങ്ങളുടെ വർഗീകരണം എന്നാൽ എന്ത്? 1
3. സുഷിരവാദ്യങ്ങളുടെ പ്രധാന വിഭാഗങ്ങൾ ഏവ? 1
4. നാദം ലഭിക്കുന്നതിനു വേണ്ടി തംബുരുവിൽ ഉപയോഗിക്കുന്ന പട്ട് നൂൽ-------------------- എന്നറിയപ്പെടുന്നു. 1
5. ശ്രുതിചേർക്കാവുന്ന ഒരു താളവാദ്യം 1
6. ദക്ഷിണേന്ത്യൻ സംഗീതകച്ചേരികളിൽ ഉപയോഗിക്കുന്ന ഒരു മീട്ട് വാദ്യം 1
7. രണ്ട് ശ്രുതിവാദ്യങ്ങളുടെ പേരെഴുതുക. 1
8. കച്ചേരികളിലും ക്ഷേത്ര സംഗീതത്തിലും ഉപയോഗിക്കുന്ന വാദ്യങ്ങളുടെ പേരെഴുതുക 2
9. തന്ത്രിവാദ്യങ്ങളെ ഉദാഹരണ സഹിതം വർഗീകരിക്കുക. 2
10. വില്ല് വാദ്യങ്ങളേയും മീട്ട് വാദ്യങ്ങളേയും കുറിച്ച് കുറിപ്പെഴുതുക. 3

11. താളവാദ്യങ്ങളുടെ വർഗീകരണം വിശദമായി പ്രതിപാദിക്കുക. 3

12. കർണാടക സംഗീതകച്ചേരികളിൽ ഉപയോഗിക്കുന്ന അകമ്പടി വാദ്യങ്ങളെക്കുറിച്ച് വിശദമാക്കുക. 3

13. **ചേരുംപടി ചേർക്കുക.** 5

| | | | |
|---|---|---|---|
| (a) | തതവാദ്യം | – | കാറ്റ്വാദ്യം |
| (b) | സുഷിരവാദ്യം | – | മൃദംഗം |
| (c) | അവനദ്ധം | – | ശ്രുതി |
| (d) | താളവാദ്യം | – | തന്ത്രിവാദ്യം |
| (e) | തംബുരു | – | ചർമവാദ്യം |

14. ഒരു രേഖാചിത്രത്തിന്റെ സഹായത്തോടെ തംബുരുവിന്റെ ഭാഗങ്ങൾ വിശദമാക്കുക 5

## റഫറൻസ്


1. സൗത്ത് ഇന്ത്യൻ മ്യൂസിക് – പ്രൊഫ. എ. സാംബമൂർത്തി
2. സ്പ്ലെൻഡർ ഓഫ് സൗത്ത് ഇന്ത്യൻ മ്യൂസിക് – ഡോ. ചെല്ലദുരൈ
3. ദക്ഷിണേന്ത്യൻ സംഗീതം – ശ്രീ.എ.കെ. രവീന്ദ്രനാഥ്
4. സംഗീതശാസ്ത്രം – ഡോ. കെ. ഓമനക്കുട്ടി& ശ്രീമതി. എസ്. ശാരദ
5. തിയറി ഓഫ് ഇന്ത്യൻ മ്യൂസിക് – മിസ്. എൽ. ഐസക്
6. സംഗീത നിഘണ്ടു – ഡോ. വി.ടി. സുനിൽ